**രജിസ്ട്രേഷൻ വകുപ്പ്**
**കേരള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നടപടിക്രമം**
**(ഹാജർ; ശ്രീ എ അലക്സാണ്ടർ, ഐ.എ.എസ്)**

വിഷയം:- രജിസ്ട്രേഷൻ വകുപ്പ് -റിവ്യൂ ആന്റ് റിഫോംസ് - ഓഡിറ്റ് റിമാർക്കിന്മേൽ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ നൽകിയ ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ അപേക്ഷ- ഉത്തരവാകുന്നത്

സൂചന:- 1)ഇടുക്കി ജില്ലാ രജിസ്ട്രാറുടെ ഐ എൻ എസ് (1) 1124/16 നമ്പർ ഓഡിറ്റ് റിപ്പോർട്ട്.
2)രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ദക്ഷിണമദ്ധ്യ മേഖല)യുടെ ഡി (5) 606/16 നമ്പർ ഉത്തരവ്.
3)സബ് രജിസ്ട്രാർ ശ്രീ കെ റ്റി ബാബു ഉചിത മാർഗ്ഗേന സമർപ്പിച്ച അപ്പീൽ അപേക്ഷ.
4)ഈ ഓഫീസിലെ 05.01.2018 ലെ അദാലത്തിലെ ഇതേ നമ്പർ ഉത്തരവ്
5)ഇടുക്കി ജില്ലാ രജിസ്ട്രാറുടെ 06.05.2019 ലെ ഐ എൻ എസ് (1) 1124/16 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ് നമ്പർ RR(2) 24924/16 തിരുവനന്തപുരം തീയതി:01/10/2019</u>**

കട്ടപ്പന സബ് രജിസ്ട്രാർ ഓഫീസിലെ സൂചന (1) ഓഡിറ്റ് റിപ്പോർട്ടിലെ പാർട്ട് 1 ബി ഇനം 5, 6 എന്നിവയിക്ക് രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ സൂചന (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിനെതിരെ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ശ്രീ കെ റ്റി ബാബു സൂചന (3) പ്രകാരം അപ്പീൽ അപേക്ഷ നൽകിയിരുന്നു. ടിയാന്റെ അപ്പീൽ അപേക്ഷയിലെ ഇനം (5) ന് അപ്പീൽ നിരസിച്ചുകൊണ്ടും ഇനം (6) ലെ അപ്പീൽ അപേക്ഷയിൽ തീരുമാനം എടുക്കുന്നതിലേക്കായി വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട് റിമാർക്ക് ആധാരത്തിലെ വസ്തുവിന്റെ പ്ലാൻ ലഭ്യമാക്കുവാൻ സബ് രജിസ്ട്രാറോട് നിർദ്ദേശിച്ചുകൊണ്ടും സൂചന (4) പ്രകാരം ഉത്തരവിയാട്ടുള്ളതാണ്. അതനുസരിച്ച് വസ്തുവിന്റെ പ്ലാൻ ലഭ്യമാക്കി എങ്കിലും പ്ലാനിൽ നിന്നും വസ്തുവിന്റെ എല്ലുകയിലെ റോഡ് സംബന്ധിച്ച് വ്യക്തത ലഭിക്കാത്തതിനാൽ വസ്തു നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഇടുക്കി ജില്ലാ രജിസ്ട്രാറെ ഈ ഓഫീസിൽ നിന്നും ചുമതലപ്പെടുത്തുകയുണ്ടായി. അതനുസരിച്ച് ജില്ലാ രജിസ്ട്രാർ വസ്തു സന്ദർശിച്ച് സൂചന (5) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

ഇനം (6) ലെ റിമാർക്കിനാസ്പദമായ ആധാരം 1568/15 നമ്പർ തീറാധാരമാണ്. ടി ആധാരത്തിന്റെ വടക്ക് പടിഞ്ഞാറ് എല്ലുകയിൽ റോഡ് സ്ഥിതി ചെയ്യുന്നു. ഫെയർ

വാല്യൂ പരിശോധിച്ചതിൽ Residential Plot with NH/PWD Road access എന്ന ക്ലാസിഫിക്കേഷന് വില നിശ്ചയിച്ചിട്ടുണ്ട്. അപ്രകാരമുള്ള വില കാണിച്ച് ആധാരം രജിസ്റ്റർ ചെയ്യണമായിരുന്നു എന്നതാണ് റിമാർക്ക്.

ആധാരത്തിലെ വസ്തു റോഡ് സൗകര്യമുള്ള കൃഷിഭൂമിയാണ് എന്നും ആയത് വസ്തുവിവരപട്ടികയിലും അതിന് മുമ്പായും വിശദീകരിച്ചിട്ടുള്ളതാണ് എന്നും സബ് രജിസ്ട്രാർ വിശദീകരിച്ചിരിക്കുന്നു. റോഡ് സൗകര്യമുള്ള കൃഷി ഭൂമി ആയതു കൊണ്ടാണ് എല്ലകയിൽ റോഡ് എന്ന് കാണിച്ചിരിക്കുന്നത് എന്നും ഫെയർ വാല്യൂ പ്രകാരം ടി വസ്തുവിന് കൃഷി ഭൂമി എന്ന ക്ലാസിഫിക്കേഷന് നിശ്ചയിച്ചിട്ടുള്ള വില ആധാരത്തിൽ കാണിച്ചിട്ടുണ്ട് എന്നും ആയതിനാൽ അപ്പീൽ അനുവദിച്ച് ഉത്തരവാകണമെന്നും അപേക്ഷിച്ചിരുന്നു.

05.01.2018 ൽ ഈ ഓഫീസിൽ നടത്തിയ അദാലത്തിൽ ജില്ലാ രജിസ്ട്രാറും രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലും അഭിപ്രായപ്പെട്ടിരിക്കുന്നത് റിമാർക്ക് നിലനിൽക്കുന്നു എന്നതാണ് . വസ്തുവിന് സബ് രജിസ്ട്രാർ വിശദീകരിച്ചിരിക്കുന്ന വിധത്തിലും റിമാർക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന വിധത്തിലും വില നിശ്ചയിച്ചിട്ടുള്ളതിനാൽ വസ്തുവിന്റെ എല്ലകയിൽ വരുന്ന റോഡ് എപ്രകാരമുള്ളതാണ് എന്നും വസ്തു ഏത് ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുന്നതാണ് എന്നും ഉറപ്പു വരുത്തേണ്ടത് അനിവാര്യമായതിനാലാണ് വസ്തു നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ രജിസ്ട്രാറെ ചുമതലപ്പെടുത്തിയത്.

ഈ ഓഫീസിലെ നിർദ്ദേശാനുസരം വസ്തു നേരിൽ സന്ദർശിച്ച് സൂചന (5) പ്രകാരം ജില്ലാ രജിസ്ട്രാർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ വസ്തുവിന്റെ പടിഞ്ഞാറ് അരികിൽ കൂടി പ്രൈവറ്റ് റോഡ് കടന്നുപോകുന്നതായും ടി വസ്തു ഗാർഡൻ ലാന്റ് വിത്ത് പ്രൈവറ്റ് റോഡ് അക്സസ് എന്ന ക്ലാസിഫിക്കേഷനിൽ ഉൾപ്പെട്ടുവരുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ ജില്ലാ രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ് രജിസ്ട്രാറുടെ വിശദീകരണം സ്വീകരിച്ച് സൂചന (1) ഓഡിറ്റ് റിപ്പോർട്ടിലെ പാർട്ട് 1 ബി ഇനം 6 ന് അപ്പീൽ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Signature Not Verified

Digitally signed by A ALEXANDER
Date: 2019.10.01 11:06:59 IST
Reason: Approved

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

പകർപ്പ്

1)ശ്രീ കെ റ്റി ബാബു, ജൂനിയർ സൂപ്രണ്ട്, സബ്രജിസ്ട്രാർ ഓഫീസ്, ചേർത്തല.
(ഇടുക്കി ജില്ലാ രജിസ്ട്രാർ മുഖാന്തിരം)
2) ജില്ലാ രജിസ്ട്രാർ, ഇടുക്കി
3)രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ദക്ഷിണമദ്ധ്യ മേഖല) എറണാകുളം
4)സബ് രജിസ്ട്രാർ, കട്ടപ്പന, ഇടുക്കി
5)ഫയൽ / സ്റ്റോക്ക് ഫയൽ